(സി) ഈ സ്ഥാപനത്തിലെ തസ്തികകൾ ആകെ എത്രയാണ്; കേഡർ അനുസരിച്ചുള്ള പട്ടിക മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഓരോ തസ്തികയിലും നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 1995-ലെ 12-ാമത് തിരു-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്റ്റാക്കൽ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കെ. എസ്. ആർ. ടി. സി., ശ്രീചിത്തിരതിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗ് (തിരുവനന്തപുരം) സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഭരണസമിതിയാണ് ഈ കോളേജിന്റെ ഭരണം നടത്തുന്നത്. ഈ ഭരണസമിതിയുടെ ചെയർമാൻ ഗതാഗത വകുപ്പുമന്ത്രിയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പുസെക്രട്ടറി, ഗതാഗത വകുപ്പു സെക്രട്ടറി, ധനകാര്യ സെക്രട്ടറി, കെ. എസ്. ആർ. ടി. സി. മാനേജിംഗ് ഡയറക്ടർ എന്നിവർ ഉൾപ്പെടെ 13 അംഗങ്ങൾ ഈ ഭരണസമിതിയിലുണ്ട്. ഈ ഭരണ സമിതിയാണ് കോളേജിലെ ജീവനക്കാരെ നിയമിക്കുന്നത്.

(ബി) സ്ഥിരം നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ട്.

(സി) ഈ സ്ഥാപനത്തിലെ ആകെ തസ്തികകളും, കേഡർ അനുസരിച്ചുള്ള പട്ടികയും അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(ഡി) സ്ഥിരം ജീവനക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.†

അങ്കമാലി-ശബരിമല റെയിൽവേ ലൈനിന്റെ പണി ഊർജ്ജിതപ്പെടുത്തുവാൻ നടപടി

90 [5646] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, വർക്കല കഹാർ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ഡി. സുഗതൻ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-ശബരിമല റെയിൽവേ ലൈനിന്റെ പണി ഊർജ്ജിതപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇന്നത്തെ നിലയിൽ പ്രസ്തുത ലൈനിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവുമെന്നാണ് കരുതുന്നത്;

(സി) ഈ റെയിൽവേ ലൈനിന്റെ പണി നേരത്തെ പൂർത്തിയാക്കുവാൻ സഹായകരമായ വിധത്തിൽ സംസ്ഥാനം ഈ പദ്ധതിക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ പുതിയ പാതയ്ക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിക്കുകയും അഴുതവരെയുള്ള ഭാഗത്തെ ഫൈനൽ ലൊക്കേഷൻ സർവ്വെ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എരുമേലി വരെയുള്ള ഭാഗത്തെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) 145 കി.മീ. ദൈർഘ്യം വരുന്ന ഈ പാതയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാനാവില്ല.

(സി) ഇക്കാര്യം പരിഗണനയിലില്ല.

എറണാകുളം-തിരുവനന്തപുരം റെയിൽവേ ലൈൻ ഡബിൾ ലൈൻ ആക്കുന്നതിനുള്ള നടപടി

91 [5647] ശ്രീ. കെ. മുഹമ്മദാലി:
" ലൂഡി ലൂയിസ്:
" കെ. മോഹൻകുമാർ:
" വർക്കല കഹാർ:
" എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം-തിരുവനന്തപുരം റെയിൽവേ ലൈൻ ഡബിൾ ലൈൻ ആക്കുന്ന ജോലി ആരംഭിച്ചതെന്നാണ്; പ്രസ്തുത ലൈനിന്റെ പണിപൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലാത്തപക്ഷം എവിടെയെല്ലാം പണി പൂർത്തിയാക്കാനുണ്ട്;

(സി) എത്ര കിലോമീറ്റർ കൂടി ഇനി ഡബിൾ ലൈൻ ആക്കാനുണ്ട്;

(ഡി) ഈ ആവശ്യത്തിലേക്കായി ഭൂമി പൊന്നും വിലയ്ക്കെടുത്ത് റെയിൽവേ വകുപ്പിനെ ഏൽപ്പിച്ചു കഴിഞ്ഞോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) എന്നത്തേയ്ക്ക് ഈ ലൈനിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1989-ൽ പണി പൂർത്തിയായിട്ടില്ല. തിരുവനന്തപുരം മുതൽ കായംകുളം വരെയുള്ള പണി പൂർത്തിയായിട്ടുണ്ട്.

(ബി—സി) കായംകുളം മുതൽ എറണാകുളം വരെ (കോട്ടയം വഴിയും ആലപ്പുഴ വഴിയും).

(ഡി) എറണാകുളം മുതൽ മുളന്തുരുത്തി വരെയുള്ള പാത ഇരട്ടിപ്പിക്കുന്നതിന് വേണ്ടി ഭൂമി പൊന്നും വിലയ്ക്കെടുക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. മാവേലിക്കര-കായംകുളം, ചേപ്പാട്-കായംകുളം എന്നീ ഭാഗത്തെ ഡബ്ലിംഗിനുവേണ്ട ഭൂമി ഏറ്റെടുക്കുന്ന നടപടികൾ താമസംവിനാ സ്വീകരിക്കുന്നതാണ്. ബാക്കിയുള്ള ഭാഗങ്ങളിൽ ഡബ്ലിംഗ് ഇപ്പോൾ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന കാലതാമസം മാത്രമേ എടുക്കുന്നുള്ളൂ.

(ഇ) നടപടിക്രമങ്ങൾ പൂർത്തിയാക്കി കഴിയുന്നത്ര വേഗത്തിൽ പണി നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.